# L. A. INTERPELLATION–TIME LIMIT

~~Sch. Castes and Sch. Tribes Development (~~ ~~____________~~) Social Justice (E) Department
~~Backward Communities Development Department~~

Thiruvananthapuram, Dated : 14.6.18

No. SJD-E2/189/2018/SJD

14 JUN 2018 007902

From

The ~~Principal~~ Special Secretary to Government

To

1. Director, women & child development dept,
2. Director, social justice department

Sir,

*Sub*:—L. A. Interpellation—Regarding, USQ. 2185 [illegible]

Information on the points mentioned below for preparing the answer to an Interpellation should be furnished, with explanatory notes, so as to reach Government on or before.......14.6.18........without fail.

Yours faithfully,

For Special Secretary to Government.

**Points on which Information is required**

(copy enclosed)

GCPT. 3/3320/2016/TP.

(സി) നാഷണൽ ഹെൽത്ത് മിഷനിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന നഴ്സുമാർക്ക് പുതുക്കിയ നിരക്കിൽ വേതനം നൽകാൻ കേന്ദ്ര സർക്കാർ വിസമ്മതിക്കുകയാണെങ്കിൽ ആയത് സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും നൽകാൻ നടപടി സ്വീകരിക്കുമോ?

കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ

2184. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അനുവദിക്കപ്പെട്ട തസ്തികകളുടെ പേരും സർക്കാർ ഉത്തരവിന്റെ നമ്പരും വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട തസ്തികകളുടെ നിയമനരീതി എങ്ങനെയാണ്;

(ഡി) ഡെപ്യൂട്ടേഷൻ തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥർ അവരുടെ റിട്ടയർമെന്റിനു ശേഷം കരാർ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളിൽ തുടരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എത്ര പേർ എന്നു മുതൽ ഏതെല്ലാം തസ്തികകളിലാണ് കരാർ അടിസ്ഥാനത്തിൽ ഇപ്പോൾ ജോലി ചെയ്യുന്നത്; റിട്ടയർ ചെയ്തവരുടെ സേവനം അവസാനിപ്പിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പുതിയ നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

പുതിയ തസ്തികകൾ

2185. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിലും സാമൂഹ്യ നീതിവകുപ്പിലും എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആശുപത്രികളെ രോഗീസൗഹൃദ ആശുപത്രികളാക്കി മാറ്റുന്നതിന് ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സീനിയർ ഗ്രേഡ് ഡയറ്റീഷ്യൻമാരുടെ തസ്തികകൾ

2186. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ സീനിയർ ഗ്രേഡ് ഡയറ്റീഷ്യൻമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും, അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സീനിയർ ഗ്രേഡ് ഡയറ്റീഷ്യൻമാരുടെ തസ്തികകളിൽ ഒഴിവുകളുണ്ടോ എന്നും, ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;